 അബ്ദുല്ല മൻഹാം

# ബഹുവചനങ്ങൾ, നാമങ്ങൾ

കഴിഞ്ഞ പാഠത്തിൽ വിശുദ്ധ ഖുർആനിലെ ആറ് പദങ്ങളാണ് നാം പഠിച്ചത്. അവ: هو–هم–أنت–أنتم–أنا–نحن

ഇവയുടെ അർഥവും നാം മനസ്സിലാക്കി. ഇവക്ക് ضمير (സർവ നാമം) എന്നാണ് അറബിയിൽ പേര്.

വിശുദ്ധ ഖുർആനിൽ ആവർത്തിച്ചുവരുന്ന ചില നാമങ്ങൾ പരിചയപ്പെടാം.

| الآية<br>ഖുർആനിക സൂക്തം | ബഹുവചനം<br>جمع | ഏകവചനം<br>مفرد |
|---|---|---|
| وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ<br>നിങ്ങൾ അനുസരണമുള്ളവരായിട്ടല്ലാതെ (മുസ്‌ലിംകൾ) മരിച്ചുപോകരുത് (3:102) | مُسْلِمُون | مُسْلِم |
| إِنَّمَا ٱلْمُؤْمِنُونَ إِخْوَةٌ<br>സത്യവിശ്വാസികൾ പരസ്പരം സഹോദരങ്ങളാണ് (49:10) | مُؤْمِنُون | مُؤْمِن |
| وَلَوْ كَرِهَ ٱلْمُشْرِكُونَ<br>ബഹുദൈവ വിശ്വാസികൾ ഇഷ്ടപ്പെട്ടില്ലെങ്കിലും (9:33) | مُشْرِكُون | مُشْرِك |
| يَٰٓأَيُّهَا ٱلْكَٰفِرُونَ<br>ഹേ സത്യനിഷേധികളേ (109:1) | كافِرُون | كافِر |
| مِّنْهُمُ ٱلصَّٰلِحُونَ<br>അവരിൽ ചിലർ നല്ലവരായിരുന്നു (7:168) | صَالِحون | صَالِح |

ഏകവചനവും ബഹുവചനവും പ്രത്യേകം ശ്രദ്ധിച്ചു നോക്കൂ. ബഹുവചനത്തിൽ വന്ന മാറ്റങ്ങൾ ശ്രദ്ധിക്കുക. അഞ്ചു പദങ്ങളുടെയും അവസാനത്തിൽ രണ്ടക്ഷരങ്ങൾ അധികരിച്ചതായി കാണാം: (ون). അറബിയിൽ പല ഏക വചന നാമങ്ങളുടെയും അവസാനത്തിൽ ഈ രണ്ടക്ഷരങ്ങൾ മാത്രം ചേർത്താൽ ബഹുവചനമായി എന്നർഥം.

و എന്ന അക്ഷരം ചിലപ്പോൾ ي ആവുകയും ചെയ്യും. ഉദാഹരണം:

| | |
|---|---|
| إِنَّنِى مِنَ ٱلْمُسْلِمِينَ<br>തീർച്ചയായും ഞാൻ മുസ്‌ലിംകളിൽ പെട്ടവനാണ് (3:102) | مُسْلم + ون = مُسْلِمُون<br>مُسْلم + ي ن = مُسْلِمين |
| مَعَ ٱلْقَوْمِ ٱلصَّٰلِحِينَ<br>സച്ചരിതരായ ജനതയോടൊപ്പം (5:84) | صَالِحُ + ون = صَالِحُون<br>صالح + ي ن = صَالِحِين |

സമാനമായ പദങ്ങൾ വിശുദ്ധ ഖുർആനിൽ വേറെയും കാണാം.

വിശുദ്ധ ഖുർആനിൽ ആവർത്തിച്ചുവന്ന ഏതാനും പദങ്ങൾ കൂടി ശ്രദ്ധിക്കുക.

إسْم (39) (ج) أسماء (നാമം)

الحمد (43) സ്തുതി, സ്തോത്രം

العَالَم (ج) الْعَالَمِين (73) ലോകം رب (970) നാഥൻ

الرَّحْمن (57) അതിരറ്റ കാരുണ്യവാൻ

الرَّحِيم (227) നിരന്തരം കാരുണ്യം ചൊരിയുന്നവൻ

يوم (374) ദിവസം

مَالك (3) അധിപൻ, ഉടമസ്ഥൻ

دين (92) ജീവിത വ്യവസ്ഥ, മതം

പ്രതിഫലം, കീഴ്‌വണക്കം,

عبادة (9) ആരാധന, അനുസരണം, അടിമത്തം

عبد എന്ന മൂലക്രിയയും അതിന്റെ വ്യത്യസ്ത രൂപങ്ങളും 275 തവണ ആവർത്തിച്ചിരിക്കുന്നു.

هُدًى (85) സന്മാർഗം, നേർവഴി

عَوْن (11) സഹായം

غَضَبٌ (24) കോപം

نعْمَة (50) അനുഗ്രഹം

اَلصرّاط (45) വഴി

ضَلَال (191) വഴികേട്, മാർഗഭ്രംശം

മേലെഴുതിയ പദങ്ങൾ സൂറഃ *അൽഫാത്തിഹ*യിൽ നിന്നുള്ളവയാണ്. ഇവയുടെ ആവർത്തനങ്ങൾ കൂട്ടുമ്പോൾ ആകെ പദങ്ങൾ 2293- അതായത്, ഖുർആൻ പദങ്ങളുടെ 3 ശതമാനത്തോളം!

**വാൽകഷ്ണം:**

നാമങ്ങളാണ് ഇന്നത്തെ പാഠത്തിൽ വിവരിച്ചത്.

അല്ലാഹു ആദം നബിയെ സൃഷ്ടിച്ചപ്പോൾ അദ്ദേഹത്തിന് സകല വസ്തുക്കളുടെയും നാമങ്ങൾ പഠിപ്പിച്ചു എന്ന് വിശുദ്ധ ഖുർആൻ (2:31).

നാമങ്ങളിലൂടെയാണ് നാം ഭാഷാ പഠനം ആരംഭിക്കുന്നത്. കുഞ്ഞുങ്ങൾ സംസാരിച്ചു തുടങ്ങുന്നത് ശ്രദ്ധിച്ചിട്ടില്ലേ? ഉമ്മ/മാമ, ഉപ്പ/ ബാബ എന്നൊക്കെയാണ് ആദ്യം പറഞ്ഞുതുടങ്ങുന്നത്. കൊച്ചു കൊച്ചു നാമങ്ങളിൽ വലിയ ആശയപ്രപഞ്ചം തന്നെ അടങ്ങിയതായി കാണാം. 'മല' എന്ന രണ്ടക്ഷരത്തിൽ അടങ്ങിയ ആശയം ഒന്ന് സങ്കൽപിച്ചു നോക്കൂ. വൃക്ഷലതാദികൾ നിറഞ്ഞ, ഉയരത്തിൽ തലയെടുപ്പോടെ നിൽക്കുന്ന പർവതം എന്ന വലിയ ആശയം അതിലുണ്ടല്ലോ. ജലം, വനം എന്നീ പദങ്ങളും അതുപോലെ തന്നെ.

(തുടരും)